പദ്ധതിയിൽപ്പെട്ട ചിൽഡ്രൻസ് പാർക്കിന്റെ നിർമ്മാണം പൂർത്തിയാക്കിയെങ്കിലും മറ്റ് ഘടകങ്ങളുടെ ടെണ്ടർ നടപടികളിൽ കാലതാമസം ഉണ്ടാവുകയും ചെയ്തതിനാൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാതെ വരികയും കേന്ദ്ര ടൂറിസം വകുപ്പിന്റെ നിർദ്ദേശത്തിന് വിധേയമായി അനുവദിച്ച മുഴുവൻ തുകയായ 4 കോടി രൂപയും തിരിച്ചടയ്ക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ ചില ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടക്കം കുറിച്ചതായി അറിയിച്ചുകൊണ്ട് പദ്ധതി മുന്നോട്ടു കൊണ്ടുപോകണമെന്ന് ഇറിഗേഷൻ വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. അത് കണക്കിലെടുത്ത് ബാക്കി ജോലികൾക്കായി ഇറിഗേഷൻ വകുപ്പ് സമർപ്പിച്ച 1,91,75,141 രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

ജലവിമാന സർവ്വീസ് ആരംഭിക്കുന്നതിനുണ്ടായ ചെലവ്

323 (1031) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജലവിമാന സർവ്വീസ് ആരംഭിക്കുന്നതിനായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് നാളിതുവരെ ഖജനാവിൽനിന്നും എത്ര രൂപ ചെലവഴിച്ചു; അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിക്കാൻ ഇനി എത്ര രൂപ കൂടി വേണ്ടി വരുമെന്നും വ്യക്തമാക്കാമോ ;

(ബി) 2-6-2013-ലെ ഈ പദ്ധതിയുടെ ഉദ്ഘാടനച്ചെലവ് എത്രയാണ്; ഉദ്ഘാടനം ഉൾപ്പെടെയുള്ള പരസ്യങ്ങൾക്കായി ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര രൂപ ചെലവഴിച്ചു ;

(സി) ഇത്തരത്തിൽ പണം ചെലവഴിക്കുമ്പോൾ ഈ പദ്ധതിയിൽ നിന്നും എന്ത് വരുമാനം ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പദ്ധതി ആരംഭിക്കുന്നതുവഴി പുതുതായി എത്ര തൊഴിലവസരങ്ങൾ നേരിട്ടോ പരോക്ഷമായോ ലഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ വിമാന സർവ്വീസിന്റെ സുരക്ഷാ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഈ സർവ്വീസ് ആരംഭിക്കുന്നത് വഴി മത്സ്യതൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാനുള്ള സാധ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ജലവിമാന സർവ്വീസ് ആരംഭിക്കുന്നതിന്റെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി നാളിതുവരെ 5,68,09,202 രൂപ ചെലവായി. പദ്ധതി കൊമേഴ്സ്യൽ ഓപ്പറേഷൻ ആരംഭിച്ചതിനുശേഷം പദ്ധതിയുടെ പ്രവർത്തനങ്ങളും സീപ്ലെയിൻ ഓപ്പറേറ്റർമാരുടെ അഭിപ്രായങ്ങളും വിലയിരുത്തിയതിനുശേഷം കൂടുതൽ വാട്ടർ ഡ്രോമുകൾ ആരംഭിക്കുന്നതാണ്. ഒരു വാട്ടർ ഡ്രോമിന് ഏകദേശം 2 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ബി) ഈ പദ്ധതിയുടെ ഉദ്ഘാടനത്തിനായി 24,92,627 രൂപ ചെലവായി. ഉദ്ഘാടനം ഉൾപ്പെടെയുള്ള പരസ്യങ്ങൾക്കായി ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 1,59,79,823 രൂപ ചെലവഴിച്ചു.

(സി&ഡി) ഇന്ത്യയിൽ സീപ്ലെയിൻ സർവ്വീസുകൾ ആരംഭിക്കുക വഴി ടൂറിസം രംഗത്ത് ഒരു നൂതന ഉത്പന്നം കൂടി വിനോദ സഞ്ചാരികൾക്ക് ലഭ്യമാക്കുക എന്നതാണ് വിഭാവന ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതി കേരളത്തിന്റെ ബ്രാന്റ് ഇമേജ് വർദ്ധിപ്പിക്കുന്നതോടൊപ്പം അയൽ സംസ്ഥാനങ്ങളെ വെല്ലുന്ന ഒരു നൂതന ഉല്പന്നം ലഭ്യമാക്കുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. സീപ്ലെയിൻ പദ്ധതിക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി സീപ്ലെയിൻ ഓപ്പറേഷൻസ് പ്രോത്സാഹിപ്പിക്കുകയാണ് സർക്കാരിന്റെ ദൗത്യം. പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തുടക്കത്തിൽ രണ്ടുവർഷത്തേക്ക് ഈ സൗകര്യങ്ങൾ സൗജന്യമായി കൊടുക്കാനാണ് തീരുമാനം. അതിനുശേഷം മുതൽമുടക്കിന് ആനുപാതികമായ ഒരു യൂസേഴ്സ് ഫീ ഏർപ്പെടുത്താൻ സാധിക്കും. ഓപ്പൺ സ്കൈ പോളിസി മുഖേന, കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന ഏത് ഏജൻസികൾക്കും

LIBRARY ARCHIVES Kerala Legislative Assembly

ഓപ്പറേറ്റ് ചെയ്യാവുന്നതാണ്, ജലവിമാന പദ്ധതി കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാൻ സഹായിക്കുകയും ഇതുവഴി പ്രത്യക്ഷവും പരോക്ഷവുമായ വരുമാന ലഭ്യതയും തൊഴിലവസരങ്ങൾക്കും കാരണമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പ്രാരംഭഘട്ടത്തിൽ ഇത് കൃത്യമായി കണക്കാക്കുവാൻ സാധ്യമല്ല. എങ്കിലും വരും വർഷങ്ങളിൽ ഈ ടൂറിസം പദ്ധതിയുടെ ഗുണങ്ങൾ അവലോകനം ചെയ്യാൻ സാധിക്കുന്നതാണ്.

(ഇ) ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡി.ജി.സി.എ.), ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി (ബി.സി.എ.എസ്.) എന്നീ കേന്ദ്ര ഗവൺമെന്റ് ഏജൻസികൾ നിഷ്കർഷിച്ചിട്ടുള്ള എല്ലാ വ്യോമയാന സുരക്ഷാ സംവിധാനങ്ങളും സീപ്ലെയിൻ പദ്ധതിയിലും ഏർപ്പെടുത്തിയിട്ടുണ്ട്.

(എഫ്) ഉണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

കേന്ദ്ര സഹായത്തോടെയുള്ള ടൂറിസം പദ്ധതികൾ

324 (1032) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സഹായത്തോടെയുള്ള എത്ര ടൂറിസം പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പദ്ധതിക്കും കേന്ദ്ര സഹായമായി എത്ര തുക വീതമാണ് ലഭ്യമായതെന്ന് വിശദമാക്കുമോ ;

(സി) ഇതിൽ എത്ര പദ്ധതികൾ പൂർത്തിയായിട്ടുണ്ടെന്നും, പൂർത്തിയാകാത്തവ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ&ബി) വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) Development of Thumboor Moozhi and Dam sites എന്ന പദ്ധതി പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവ വിവിധ ഘട്ടങ്ങളിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly